ഇ.എക്/ബി.ബി.3/8912/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ,പൂജപ്പുര,
തിരുവനന്തപുരം
തീയതി: 22/09/2012

# സർക്കുലർ

വിഷയം:- പൊ.വി.വ - ഒന്ന് മുതൽ പത്ത് വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ പേര്, മതം, ജനനത്തീയതി, തുടങ്ങിയ രേഖപ്പെടുത്തലുകളിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അധികാരം അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകിയത് - സംബന്ധിച്ച്-

സൂചന:- (1) സർക്കാർ ഉത്തരവ് (P)No.38/2012/GEdn. തീയതി 07.02.2012
(2) ഈ ഓഫീസിലെ ഇതേ കത്ത് നമ്പർ തീയതി 25/04/2012.
(3) കേരള ഗസറ്റ് വിജ്ഞാപനം തീയതി 16/02/2012.

16.02.2012 ലെ വാല്യം 57 നമ്പർ 323 അസാധാരണ ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിക്കപ്പെട്ട സർക്കാർ ഉത്തരവ് (P)No.38/2012/പൊ.വി.വ തീയതി 07/02/2012 പ്രകാരം 1 മുതൽ X വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ജനനത്തീയതി, മാതാപിതാക്കളുടെ പേര്, മേൽവിലാസം, ജനനസ്ഥലം എന്നിവയുടെ തിരുത്തലുകൾ വരുത്തുന്നതിനുള്ള അധികാരം അതാത് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് നല്കിയിട്ടുണ്ട്.

പരീക്ഷാഭവന്റെ Website www.keralapareekhabhavan.in -ൽ ഇതിനായി നല്കിയിരിക്കുന്ന അപേക്ഷാഫോറം പൂരിപ്പിച്ച് ജനനത്തീയതി തിരുത്തുന്നതിലേക്കായി 500/- രൂ ചലാൻ (ഹെഡ് ഓഫ് അക്കൗണ്ട് 0202-01-102-92) അടച്ച് (SC/ST കുട്ടികൾ ഒഴികെ) അപേക്ഷയുടെയും ജനനസർട്ടിഫിക്കറ്റിന്റെയും ആവശ്യമെങ്കിൽ വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട് സ്കൂൾ രജിസ്റ്ററിൽ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾ ആവശ്യമെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ (AEO/DEO/DDE/Pareekshabhavan ഉദ്യോഗസ്ഥർ തുടങ്ങിയവർ) പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനനത്തീയതിയും മറ്റു തിരുത്തലുകളും വരുത്തുന്നതിന് സമർപ്പിക്കുന്ന അപേക്ഷാഫോറം, തിരുത്തുന്നതിനുള്ള ഹെഡ്മാസ്റ്ററുടെ ഉത്തരവിന്റെ ഫോർമാറ്റ് എന്നിവ പരീക്ഷാഭവന്റെ Website-ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്.

വിദ്യാർത്ഥിയുടെ ജനനസർട്ടിഫിക്കറ്റിൽ നിന്ന് വ്യത്യസ്തമായി ജനനസ്ഥലം, മേൽവിലാസം, മാതാപിതാക്കളുടെ പേര്, തുടങ്ങിയ വിവരങ്ങൾ സ്കൂൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനായി ഹെഡ്മാസ്റ്റർമാർ പരീക്ഷാഭവന്റെ Website-ൽ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് രക്ഷിതാക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ച് നിയമാനുസൃതമായി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്റ്റേറ്റ് സിലബസ്സിൽ പഠിച്ച് ICSE/CBSE സിലബസിലേക്ക് മാറിയപ്പോയ കുട്ടികളുടെ വിവരങ്ങൾ സ്കൂൾ രജിസ്റ്ററിൽ പിന്നീട് തിരുത്തേണ്ടതായി വന്നാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ (AEO/DEO) കുട്ടിയുടെ രക്ഷകർത്താവിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ആയത് നിയമാനുസൃതമാണെങ്കിൽ അതിന്മേൽ ഉത്തരവ് നല്കാവുന്നതും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധനപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ അഡ്മിഷൻ രജിസ്റ്ററിൽ ഭേദഗതി വരുത്തേണ്ടതുമാണ്. GO(MS) No.226/10/പൊ.വി.വ. തീയതി 08/11/2010.

പത്താംതരം പൂർത്തിയാക്കാതെ സ്കൂളിൽ നിന്നും പഠനം നിർത്തിപ്പോയ കുട്ടിയുടെ ജനനത്തീയതി തിരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട AEO/DEO-മാർക്കായിരിക്കും പത്താംതരം സർട്ടിഫിക്കറ്റ് ലഭിച്ച കുട്ടിയുടെ ജനനത്തീയതി ഉൾപ്പെടെയുള്ള തിരുത്തലുകൾ മാത്രമാണ് പരീക്ഷാഭവനിൽ നടത്തുന്നത്. GO(P) No.215/2009/പൊ.വി.വ തീയതി 06/11/2009.

DEO/AEO/ഹെഡ്മാസ്റ്റർമാരുടെ ഉത്തരവനുസരിച്ച് ബന്ധപ്പെട്ട സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തി ഉത്തരവ് ബന്ധപ്പെട്ട പേജിൽത്തന്നെ രേഖപ്പെടുത്തുകയും, ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ ഉത്തരവിന്റെ പകർപ്പ് നിർബന്ധമായും അഡ്മിഷൻ രജിസ്റ്ററിർ ഒട്ടിച്ചുവയ്ക്കേണ്ടതുമാണ്. ടി.സി. മുഖാന്തിരം മറ്റ് സ്കൂളിൽ നിന്നും വന്ന കുട്ടിയാണെങ്കിൽ പ്രസ്തുത സ്കൂളിലേക്ക് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതുമാണ്.

പ്രവേശനഫാറം, ടി.സി, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,ജനനസർട്ടിഫിക്കറ്റ് ( പരിശോധനയ്ക്ക് ശേഷം ,ജനനസർട്ടിഫിക്കറ്റിന്റ ഒറിജിനൽ തിരികെ നല്കേണ്ടതും അറ്റസ്റ്റഡ് കോപ്പി സൂക്ഷിക്കേണ്ടതുമാണ് ) തുടങ്ങിയ രേഖകൾ സ്കൂളിൽ ഭദ്രമായി സൂക്ഷിക്കേണ്ടതും സ്കൂൾ വാർഷിക പരിശോധനയിൽ AEO/DEO-മാർ ഇവകൾ പരിശോധിച്ച് അഡ്മിഷൻ രജിസ്റ്റർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത തിരുത്തലുകൾ വരുത്തിയതിനുശേഷവും അശ്രദ്ധമൂലം പത്താം ക്ലാസ്സിലെ കുട്ടികളുടെ A list-ൽ തെറ്റായ വിവരങ്ങൾ നല്കുന്ന പക്ഷം ഹെഡ്മാസ്റ്റർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും ഫൈൻ ഈടാക്കുന്നതും ആയിരിക്കും.

തിരുത്തലുകൾ വരുത്തുന്നതിനായി പത്താംതരം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരുടെ അപേക്ഷ പരീക്ഷാഭവനിലേക്ക് ശുപാർശ ചെയ്തയക്കുമ്പോൾ കവറിംഗ് ലറ്റർ ഉൾപ്പെടുത്തി വേണം അയയ്ക്കാൻ. പ്രസ്തുത കത്തിൽ എന്തൊക്കെ തിരുത്തലുകളാണ് ആവശ്യപ്പെടുന്നതെന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. മാത്രമല്ല അപേക്ഷയിൽ പ്രഥമാദ്ധ്യപകൻ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്തിരിക്കണം. അപേക്ഷ സ്കൂൾ രേഖയുമായി ഒത്തുനോക്കി അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പാക്കിയിരിക്കണം.

കേരളത്തിൽ സേവനാവകാശനിയമം ഉടൻ പ്രാബല്യത്തിൽ വരുന്നതിനാൽ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതാണ്.

( ഒപ്പ് )

ജോയിന്റ് കമ്മീഷണർ